**പതിനാലാം കേരളനിയമസഭ**

**പതിനഞ്ചാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3599** | **20.06.2019-ൽ മറുപടിക്ക്** |

**ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ അടിക്കടി ഉണ്ടാകുന്ന തീപിടുത്തം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ അടിക്കടി തീപിടുത്തം ഉണ്ടാകുന്നതിന്റെ കാരണത്തെക്കുറിച്ച് അന്വേഷണം പൂർത്തിയായിട്ടുണ്ടോ; | (എ) 22.02.2019 തീയതിയിൽ ബ്രഹ്മപുരം മാലിന്യ പ്ലാന്റിലുണ്ടായ തീപിടുത്തം സംബന്ധിച്ച് ഇൻഫോപാർക്ക് പോലീസ് സ്റ്റേഷനിൽ ക്രൈം.നം. 215/2019 u/s 306(1)(C) of Fire Occurrence പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു. |
| (ബി) ഇനി ഇത്തരത്തിൽ തീപിടുത്തം ഉണ്ടാകാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) പ്രസ്തുത സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിനായി പ്ലാന്റിന് ചുറ്റിലും 8 മീറ്റർ വീതിയുള്ള റോഡും ഉൾഭാഗങ്ങളിൽ 6 മീറ്റർ വീതിയുള്ള റോഡും ക്രമീകരിക്കേണ്ടതാണെന്നും, മാലിന്യം $50m^2$ വിസ്തീർണ്ണമുള്ള ചെറു കൂനകളായി തിരിച്ച് നാല് വശത്തും റോഡ് മാർഗ്ഗം ഉറപ്പാക്കുവാനും, കടമ്പ്രയാറിന് ചുറ്റും വെള്ളം പമ്പു ചെയ്യുന്നതിന് ഓരോ 30 മീറ്റർ ഇടവിട്ട് പ്ലാറ്റ്ഫോം നിർമിക്കാനും പ്ലാന്റിലെ മെയിൻ ഗേറ്റിന് സമീപം ഓപ്പൺ വാട്ടർ സോഴ്സ് ഉണ്ടാക്കേണ്ടതാണെന്നും, സുരക്ഷയ്ക്ക് കോർപ്പറേഷൻ ജീവനക്കാരെ നിയോഗിക്കേണ്ടതുമാണെന്നുമുള്ള നിർദ്ദേശങ്ങൾ കൊച്ചിൻ കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് നൽകിയിട്ടുണ്ട്. |

സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥലത്ത് പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയും;

(സി) എൻവയോൺമെന്റൽ ക്ലിയറൻസ്, ബിൽഡിംഗ് പെർമിറ്റ് എന്നിവ ഒഴികെ പ്ലാന്റിന് വേണ്ട മറ്റെല്ലാ അനുമതികളും ലഭ്യമായിട്ടുണ്ട്. ആയത് ഉടനടി ലഭ്യമാക്കി പ്ലാന്റിന്റെ നിർമ്മാണം ഉടനടി ആരംഭിക്കുന്നതാണ്.

(ഡി) പാരിസ്ഥിതിക അനുമതി ലഭിക്കുന്ന തിനുള്ള കാലതാമസം എന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ?

(ഡി) M/s ജി.ജെ.എക്കോ പവർ എന്ന സ്ഥാപനത്തിന് 16.02.2019-ൽ ToR പഠനത്തിന് അനുമതി നൽകിയിട്ടുള്ളതാണ്. ToR-ന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനം EIA, EMP പഠനം നടത്തി പബ്ലിക്ക് ഹിയറിംഗും നടത്തി റിപ്പോർട്ടോടുകൂടി പാരിസ്ഥിതികാനു മതിയ്ക്കായി അപേക്ഷ ലഭ്യമാക്കിയാലുടൻ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പാരിസ്ഥിതിക അനുമതി നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ.